"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന മൊബൈൽ വെറ്റിനറി യൂണിറ്റിന്റെ നടത്തിപ്പിനായി മരുന്നും ഉപകരണങ്ങളും വാങ്ങി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2334/2025/LSGD തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.274/2023/P&EA; തീയതി 04.07.2023
3. സ.ഉ.(സാധാ) നം.715/2024/AHD; തീയതി 28.12.2024
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22.04.2025-ലെ AHD/7884/2024-G4 നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025-നു നടന്ന യോഗത്തിന്റെ തീരുമാനം 4.26

**<u>ഉത്തരവ്</u>**

വീട്ടുപടിക്കൽ ചികിത്സാ സേവനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി, മൊബൈൽ വെറ്റിനറി യൂണിറ്റ്, മൊബൈൽ സർജറി യൂണിറ്റ് എന്നിവ എല്ലാ ബ്ലോക്കുകളിലും സ്ഥാപിക്കുവാനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പിൽ സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി 29 ബ്ലോക്കുകളിൽ 29 മൊബൈൽ വെറ്റിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 127 മൊബൈൽ യൂണിറ്റുകളും 12 സർജറി യൂണിറ്റുകളും തുടങ്ങാൻ പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരമുള്ള 156 മൊബൈൽ വെറ്റിനറി യൂണിറ്റുകളിലും (29+127) 12 മൊബൈൽ സർജറി യൂണിറ്റുകളും പ്രവർത്തിക്കുന്നതിന് കരാറടിസ്ഥാനത്തിലാണ് വെറ്റിനറി സർജൻ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരെ നിയമിച്ചിരിക്കുന്നത്. ഇവർക്കുള്ള വേതനം മൃഗസംരക്ഷണ വകുപ്പാണ് നൽകുന്നത്. ഒന്നാം ഘട്ടമായി 59 വാഹനം വാങ്ങാൻ പരാമർശം 3 പ്രകാരവും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

2. മൊബൈൽ വെറ്റിനറി യൂണിറ്റിന്റെയും മൊബൈൽ സർജറി യൂണിറ്റിന്റേയും പ്രവർത്തനത്തിന് വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധന ചെലവ്, മരുന്നുകൾ, സർജിക്കൽ കൺസ്യൂമബിൾസ് എന്നിവയ്ക്ക് ആവശ്യമായ വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കണമെന്നും, മരുന്ന്, കൺസ്യൂമബിൾസ് എന്നിവയ്ക്കായി 5.00 ലക്ഷം രൂപയും വാഹനത്തിന് ഇന്ധനം, അറ്റകുറ്റപ്പണി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 1.50

ലക്ഷം രൂപയും ചേർത്ത് ആകെ 6.50 ലക്ഷം രൂപ ഒരു യൂണിറ്റിന് ഒരു വർഷം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വകയിരുത്തണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ വെറ്റിനറി യൂണിറ്റിന് ആവശ്യമായ മരുന്ന്, കൺസ്യൂമബിൾ/മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാൻ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ വാഹനത്തിന്റെ അറ്റകുറ്റപ്പണി, ഇന്ധനം അടക്കമുള്ള ആവർത്തന ചെലവിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് വിഹിതം നൽകാവുന്നതല്ല. ഇതിനുള്ള വിഹിതം ഗുണഭോക്താക്കളിൽ നിന്നും വാങ്ങുന്ന ഫീസിൽ നിന്ന് കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. മൃഗസംരക്ഷണ (ജി) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 25-09-2025 16:52:33
സെക്ഷൻ ഓഫീസർ